## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :2005** **11/06/2018 ൽ മറുപടിക്ക്**

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ചികിത്സാധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ചികിത്സാധന സഹായം കുറ്റമറ്റ രീതിയിലും വേഗത്തിലും ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; അപേക്ഷയുടെ കൂടെ എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടത്; | (എ) | ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തിര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു വരുന്നു. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് എത്തിക്കുന്നതിന് DBT (Direct Benefit Transfer) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽ നിന്നും ഓൺലൈനായി നൽകി വരുന്നു. DBT സംവിധാനം പ്രയോജനപ്പെടുത്തുന്നതിലേക്കായി അപേക്ഷയിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകളിൽ ടി വിവരങ്ങൾ ഉൾപ്പെടുത്തി തുക നേരിട്ട് അക്കൗണ്ടിലേക്ക് നൽകുന്നതിനായി അപേക്ഷകൾ സജ്ജമാക്കുന്നതിനും തഹസിൽദാരെയും വില്ലേജ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയോടൊപ്പം ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പ്, 6 മാസത്തിനകം എടുത്ത അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ്, അപകട മരണം സംബന്ധിച്ച കേസുകളിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ., മരണസർട്ടിഫിക്കറ്റ് തുടങ്ങിയവയും ഹാജരാക്കേണ്ടതാണ്. അപകടമരണം നടന്ന് ഒരു വർഷത്തിനുള്ളിൽ അപേക്ഷ നൽകിയിരിക്കണം. |
| (ബി) | ചികിത്സാധനസഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി എത്രയാണെന്ന് വിശദമാക്കാമോ? | (ബി) | ചികിത്സാധനസഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി 1,00,000/- രൂപ ആണ്. |

Smitha. A.S.

സെക്ഷൻ ആഫീസർ